തിരിഞ്ഞുനോക്കാൻ ആളില്ല; സീവ്യൂ പാർക്ക് നാശത്തിന്റെ വക്കിൽ

കാസർകോട്: ഒരു കാലത്ത് നൂറു കണക്കിനു ആൾക്കാർ ഉല്ലാസത്തിനു എത്തിയിരുന്ന മുനിസിപ്പൽ സീവ്യൂപാർക്ക് കാടുകയറി നശിക്കുന്നു. അധികൃതരുടെ ഭാഗത്തു നിന്ന് അടിയന്തിര നടപടികൾ ഉണ്ടായില്ലെങ്കിൽ ഈ പാർക്ക് തന്നെ ഇല്ലാതാകുന്ന അവസ്ഥ ഉണ്ടാകും.

ഹമീദലി ഷംനാട് മുനിസിപ്പൽ ചെയർമാൻ ആയിരിക്കുമ്പോഴാണ് നഗരത്തിലെയും പരിസര പ്രദേശങ്ങളിലെയും ആൾക്കാരുടെ വിനോദവും മാനസികോല്ലാസവും കണക്കിലെടുത്ത് റെയിൽവെ സ്റ്റേഷനു സമീപത്ത് പോർട്ട് ഓഫീസിനു അരികിലായി സീവ്യൂ പാർക്ക് സ്ഥാപിച്ചത്.കുട്ടികൾക്കും മുതിർന്നവർക്കും ഒരേ രീതിയിൽ ആസ്വദിക്കാൻ കഴിയുന്ന രീതിയിലായിരുന്നു പാർക്ക്.

കാസർകോട്ടെ സീവ്യൂപാർക്ക്

പാർക്കിൽ നിന്നുള്ള അസ്തമയ കാഴ്ച ആരെയും ആകർഷിക്കുന്നതാണ് കോവിഡ് ലോക്ഡൗൺ ആരംഭിച്ചതോടെയാണ് പാർക്ക് അടച്ചു പൂട്ടിയത്. ഇതോടെ ആരും തിരിഞ്ഞു നോക്കാതായി. ഇഴജന്തുക്കൾ അടക്കമുള്ളവ പാർക്ക് കൈയ്യടക്കി. സന്ധ്യമയങ്ങിയാൽ സാമൂഹ്യവിരുദ്ധരുടെ താവളം കൂടിയായി ഈ പാർക്ക് മാറി കഴിഞ്ഞു. പാർക്ക് സന്ദർശകർക്ക് തുറന്നുകൊടുക്കാനാകാത്ത സ്ഥിതിയാണെങ്കിലും സംരക്ഷിക്കാനുള്ള നടപടി ഉണ്ടാകണമെന്നാണ് ജനങ്ങളുടെ ആവശ്യം. ഇല്ലാത്ത പക്ഷം നഗരത്തിന്റെ അഭിമാനമായ പാർക്കിന്റെ നാശത്തിനു തന്നെ വഴി വയ്ക്കുമെന്നു അവർ ചൂണ്ടിക്കാട്ടുന്നു.

ബി എം എസ് സമ്മേളനം നടത്തി

ചട്ടഞ്ചാൽ: ഭാരതീയ മസ്ദൂർ സംഘം ഉദുമ മേഖലാ സമ്മേളനം ബിഎംഎസ്സ് ജില്ലാ സെക്രട്ടറി കെ.എ ശ്രീനിവാസൻ ഉദ്ഘാടനം ചെയ്തു. കെ.എസ്.ടി എ. എപ്ലോയി സംഘ് സംസ്ഥാന സെക്രട്ടറി മണികണ്ഠൻ ,ഗോവിന്ദൻ മടിക്കൈ,എൻ സി ടി ഗോപിനാഥ്, ശ്രീനി കെ എസ്സ് ആർ ടി സി സംസാരിച്ചു. ഭാരവാഹികളായി പ്രസിഡന്റ്: എം.തമ്പാൻ,വൈസ് പ്രസിഡന്റുമാർ: ശ്യാമള പരവനടുക്കം, വിശ്വനാഥൻ തലക്ലായി, ജനാർദ്ധനൻ ബന്തടുക്ക, സെക്രട്ടറി: സുരേഷ് കെ. ദേളി, ജോ: സെക്രട്ടറിമാർ ഹരീഷ് പറമ്പ്, ബാലകൃഷ്ണ.ൻ എരോൽ, സരിത ബട്ടത്തൂർ, ഭാസ്കരൻ കുണ്ടംകുഴി, ട്രഷറർ വിനോദ് അണിഞ്ഞ എന്നിവരെ തിരഞ്ഞെടുത്തു. ഗീത ബാലകൃഷ്ണൻ, വിജി സത്യനാഥ്,സുരേഷ്,വിനോദ് അണിഞ്ഞ സംസാരിച്ചു.

തെരഞ്ഞെടുപ്പ് അറിവ്

എന്താണ് പെരുമാറ്റച്ചട്ടം ? എന്തെല്ലാം ഇതിൽ ഉൾപ്പെടും

2020 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിനു വിജ്ഞാപനമായി. തിരഞ്ഞെടുപ്പ് പ്രചരണങ്ങൾക്കിടയിൽ സ്ഥാനാർഥികളും രാഷ്ട്രീയ പാർട്ടികളുമെല്ലാം പരസ്പരം പെരുമാറ്റ ചട്ട ലംഘനം ആരോപിക്കുന്നത് പതിവാണ്. ഇത്തരം വാർത്തകൾ കേൾക്കുമ്പോൾ ചിന്തിച്ചിട്ടുണ്ടോ എന്താണ് പെരുമാറ്റ ചട്ടമെന്ന്? എന്തെല്ലാം ഇതിൽ ഉൾപ്പെടുമെന്ന് ?

അറിയാം മാതൃകാ പെരുമാറ്റച്ചട്ടം

തെരഞ്ഞെടുപ്പ് വേളയിൽ രാഷ്ട്രീയ കക്ഷികളും സ്ഥാനാർഥികളും അനുവർത്തിക്കേണ്ട നടപടിക്രമങ്ങളും പാലിക്കേണ്ട നിയന്ത്രണങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ള മാർഗനിർദ്ദേശങ്ങളാണ് മാതൃകാ പെരുമാറ്റച്ചട്ടം.

പെരുമാറ്റച്ചട്ടം നടപ്പാക്കുന്നതിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലകൾ

സ്വതന്ത്രവും നിഷ്പക്ഷവും നീതിപൂർവ്വകവുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കുന്നതിന് സ്ഥാനാർഥികളും രാഷ്ട്രീയ കക്ഷികളും മാതൃകാ പെരുമാറ്റ സംഹിത പാലിക്കുന്നുണ്ടെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉറപ്പു വരുത്തും. ഔദ്യോഗിക സംവിധാനങ്ങളുടെ ദുരുപയോഗം, തിരഞ്ഞെടുപ്പ് കുറ്റകൃത്യങ്ങൾ, കള്ളവോട്ട്, വോട്ടർമാർക്ക് പണം നൽകി സ്വാധീനിക്കൽ തുടങ്ങിയ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള നടപടി സ്വീകരിക്കും.

എന്നു മുതലാണ് പെരുമാറ്റ ചട്ടം നിലവിൽ വരുന്നത്?

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് സമയക്രമം പ്രഖ്യാപിച്ച നവംബർ ആറ് മുതൽ പെരുമാറ്റച്ചട്ടം നിലവിൽ വന്നു. തിരഞ്ഞെടുപ്പ് പൂർത്തിയാകുന്നതു വരെ ഇത് തുടരും.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതി തേടാതെ സർക്കാരിനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ചെയ്യാവുന്ന കാര്യങ്ങൾ

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടല്ലാതെ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്റെ കാലാവധി നീട്ടി നൽകൽ, പൾസ് പോളിയോ പോലുള്ള ബോധവത്ക്കരണ പരസ്യ പ്രചരണങ്ങൾ, കോടതി നിർദ്ദേശമുണ്ടെങ്കിൽ ആശ്രിത നിയമനചട്ടപ്രകാരമുള്ള നിയമനം നടത്തൽ വരൾച്ച, വെള്ളപ്പൊക്കം, കോവിഡ് മഹാമാരി പോലുള്ള അടിയന്തിര ഘട്ടങ്ങളിൽ ദേശീയ പ്രകൃതി ദുരന്ത ഫണ്ടിൽ നിന്ന് സാമ്പത്തീക സഹായം തേടൽ. ഇതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനത്തിനായി ഉദ്യോഗസ്ഥതല സംഘത്തെ നിയോഗിക്കൽ. സർക്കാരിന്റേയോ, തദ്ദേശസ്ഥാപനങ്ങളുടെയോ നിയന്ത്രണത്തിലുള്ള പൊതുസ്ഥാപനങ്ങളുട അറ്റകുറ്റപ്പണി നടത്തൽ. ജലവിതരണത്തിലുള്ള കേടായ പൈപ്പുകളുടെ അറ്റകുറ്റപ്പണി നടത്തൽ, കോളേജ് യൂണിയനുകളുടെ തിരഞ്ഞെടുപ്പ് നടത്തൽ, കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണം പൊളിച്ചു മാറ്റൽ, തൊഴിൽ നിയമങ്ങളെക്കുറിച്ചുള്ള ബോധവത്കരണ പരസ്യം നൽകൽ, ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും നിയമനവും സ്ഥലംമാറ്റവും, കോടതി ഉത്തരവ് പ്രകാരമുള്ള തടവുപുള്ളികളുടെ ജയിൽ മാറ്റം, അനധികൃത നിർമ്മാണം പൊളിച്ചു മാറ്റൽ, നേരത്തെ അനുവദിച്ച ഗ്രാന്റ് ഉപയോഗിച്ചും ക്ഷണിച്ച ടെണ്ടർ പ്രകാരവും ആശുപത്രി ഉപകരണങ്ങൾ, മരുന്ന് എന്നിവ വാങ്ങൽ.

കോവിഡ് ആശുപത്രി തുറക്കാത്തത് ടാറ്റയോടുള്ള നന്ദികേട്: എൻ.എ നെല്ലിക്കുന്ന് എം എൽ എ

കാഞ്ഞങ്ങാട്: കോടിക്കണക്കിന് രൂപ ചിലവഴിച്ച കോവിഡ് ആശുപത്രി തുറക്കാത്തത് ടാറ്റയോടുള്ള നന്ദി കേടും രോഗികളോടുള്ള ക്രൂരതയുമാണെന്ന് എൻ.എ നെല്ലിക്കുന്ന് എം.എൽ.എ.പറഞ്ഞു. ജനകീയ കർമ്മ സമിതിയുടെ നേതൃത്വത്തിൽ ജില്ലാ ആശുപത്രിക്ക് മുമ്പിൽ നടന്നു വരുന്ന അനിശ്ചിത കാല റിലേ നിരാഹര സമരത്തിന്റെ ഒമ്പതാം ദിവസത്തെ ഉപവാസം ഉദ്ഘാടനം ചെയ്യുകയായിരുന്നു അ ദ്ദേഹം. ഇങ്ങനെ പോയാൽ ടാറ്റ കോവിഡ് ആശുപത്രി ഭാവിയിൽ ഗൾഫ് രാജ്യങ്ങളിൽ കാണുന്നതു പോലെയുള്ള ലേബർക്യാമ്പായി മാറും. ജില്ലാ ആസ്പത്രി കോവിഡ് ആശുപത്രിയാക്കി മാറ്റിയത് റദ്ദ് ചെയ്ത് എത്രയും വേഗം പൂർവ്വസ്ഥിതിയിൽ എത്തിക്കണം. ഏറെ സൗകര്യമുള്ള ജില്ലാ ആശുപത്രി ചുരുക്കം രോഗികൾക്ക് വേണ്ടി മാത്രം പരിമിതിതപ്പെടുത്തിയത് കാസർകോട് ജില്ലയോടുള്ള അവഗണനയുടെ തുടർച്ചയാണെന്നും അദ്ദേഹം കൂട്ടി ചേർത്തു. കർമ്മ സമിതി ചെയർമാൻ സി യൂസുഫ് ഹാജി ആധ്യക്ഷം വഹിച്ചു. കെ മുഹമ്മദ് കുഞ്ഞി, അമ്പലത്തറ കുഞ്ഞികൃഷ്ണൻ, ടി മുഹമ്മദ് അസ്ലം, പി.എ. ജോസഫ് സംസാരിച്ചു.മുനീസ അമ്പലത്തറ, കെ.സി വിദ്യ, കെ സുമതി, കെ കെ കൃഷ്ണൻ, കെ സമീറ, എം.പി ഫിലിപ്പ്, ശാന്ത കാട്ടുകുളങ്ങര , ലൈജുജോസ് നിരാഹാരമിരുന്നു.

കോടിബയൽ റോഡ് ഫിർദൗസ് നഗറിൽരൂപപ്പെട്ട കുഴി

റോഡിലെ കുഴി അപകട കെണിയൊരുക്കുന്നു

മഞ്ചേശ്വരം: റോഡിൽ രൂപപ്പെട്ട കുഴി അപകടക്കെണിയൊരുക്കുന്നു. കോടിബയൽ റോഡിൽ ഫിർദൗസ് നഗറിലാണ് കുഴി രൂപപ്പെട്ടത്. റോഡ് താഴ്ന്നതാണ് കുഴി രൂപപ്പെടാൻ കാരണമായതെന്ന് പറയുന്നു. നിരവധി വാഹനങ്ങൾ കടന്നു പോകുന്ന റോഡിൽ കുഴി രൂപപ്പെട്ടത് വൻ അപകട ഭീഷണിയാണ് ഉയർത്തുന്നത്. റോഡിലെ കുഴി നികത്തി അപകടം ഒഴിവാക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം. രാത്രികാലങ്ങളിൽ ഇതുവഴി വരുന്ന ഇരുചക്രവാഹനങ്ങൾ ഉൾപ്പെടെയുള്ളവ ഈ കുഴികളിൽ വീണ് അപകടം പതിവാകുകയാണ്.

ധർണ്ണ നടത്തി

കാസർകോട്: എൽ ഐ സി പെൻഷനേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ രാജ്യവ്യാപകമായി വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് ജില്ലകൾ തോറും എൽ ഐ സി ഓഫീസ് മുമ്പിൽ ധർണ്ണ നടത്തി. എൽ ഐ സിയിൽ പെൻഷൻ കാലോചിതമായി പരിഷ്ക്കരിക്കുക, കുടുംബ പെൻഷൻ മറ്റ് കേന്ദ്രഗവൺമെന്റ് സ്ഥാപനങ്ങളെപ്പോലെ മുപ്പത് ശതമാനമായി ഉയർത്തുക, എൽ ഐ സിയുടെ ഓഹരി വിൽപ്പന നീക്കം ഉപേക്ഷിക്കുക, പെൻഷൻകാർക്ക് മാന്യമായ ജീവിതം ഉറപ്പാക്കുക, മുതിർന്ന പൗരൻമാർക്ക് ട്രെയിൻ യാത്രാനിരക്ക് ഇളവ് പുനഃസ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു ധർണ്ണ. കോവിഡ് മാനദണ്ഡം പാലിച്ചുകൊണ്ട് കാസർകോട് എൽ ഐസി ഓഫീസ് പരിസരത്ത് നടത്തിയ ധർണ്ണ, കേന്ദ്ര ഗവൺമെന്റ് എംപ്ലോയീസ് കോൺഫഡറേഷൻ ദേശീയ പ്രസിഡന്റ് പി വി രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. കെ വാസന്തി എ രാമചന്ദ്രൻ, വി ആർ ജയരാജ്, ചോമണ്ണ നായക് എന്നിവർ സംസാരിച്ചു.

എസ് വൈ എസ് കുമ്പഡാജെ സർക്കിൾ സാന്ത്വനം പ്രവർത്തകർ നടത്തിയ പ്രാർത്ഥന

ഹാപ്പി അബ്ദുല്ലയ്ക്ക് ഖത്തപ്പുരയുമായി എസ് വൈ എസ് സാന്ത്വനം

കുമ്പഡാജെ: കോവിഡ് ബാധിച്ച് മരിച്ച ഹാപ്പി ലൈറ്റ് ആന്റ് സൗണ്ട്സ് ഉടമയും കേരള മുസ്ലിം ജമാഅത്ത് കുമ്പഡാജെ യൂണിറ്റ് ഉപാധ്യക്ഷനുമായ ഹാപ്പി അബ്ദുല്ലയുടെ ഖബ്റിന്റെ പുറത്ത് ഖത്തപ്പുര തീർത്ത് എസ് വൈ എസ് കുമ്പഡാജെ സർക്കിൾ സാന്ത്വനം.

കേരള മുസ്ലിം ജമാഅത്ത് യൂണിറ്റ് കമ്മറ്റി ഉപാധ്യക്ഷനായ ഹാപ്പി അബ്ദുല്ല പഴയകാല പ്രവാസി പ്രവർത്തകനാണ്.ഹാപ്പി അബ്ദുല്ലയുടെ ഖബ്റിന്റെ പുറത്ത് കേരള മുസ്ലിം ജമാഅത്ത്, എസ് വൈ എസ്, എസ് എസ് എഫ് കുമ്പഡാജെ സർക്കിൾ നേതാക്കളുടെയും പ്രവർത്തകരുടെയും നേതൃത്വത്തിൽ നടന്ന മൂന്ന് ദിവസത്തെ ഖുർആൻ പാരായണം നടന്നു. ഖുർആൻ പാരായണം ചെയ്യുന്നവർക്കുള്ള അന്നവും പാനീയവും എസ് വൈ എസ് കുമ്പഡാജെ യൂണിറ്റ് കമ്മിറ്റയാണ് നൽകിയത്.

ഖത്മുൽ ഖുർആൻ സമർപ്പണ പരിപാടിയിൽ കേരള മുസ്ലിം ജമാഅത്ത് ബദിയടുക്ക സോൺ പ്രസിഡണ്ട് അബൂബക്കർ ഫൈസി കുമ്പഡാജെ ആധ്യക്ഷം വഹിച്ചു. അബൂബക്കർ കാമിൽ സഖാഫി അന്നടുക്ക ഖത്മുൽ ഖുർആൻ പ്രാർത്ഥനക്ക് നേതൃത്വം നൽകി. ബഷീർ സഖാഫി, അഷ്റഫ് മൗലവി, അബ്ദുല്ല സുഹ്രി, ഹാഫിള് എൻ കെ എം മഹ്ളരി, അബ്ദുല്ല മൗലവി, യൂസുഫ് മുസ്ലിയാർ, ശഫീഖ് ഹിമമി, നാസർ സഖാഫി, ഇബ്റാഹിം സഖാഫി, ബഷീർ സഖാഫി, മുഹ്യദ്ധീൻ അഹ്സനി,ആബിദ് നഈമി തുടങ്ങിയവർ സംബന്ധിച്ചു.

മുഗുറോഡ് താജുൽ ഉലമ സുന്നി മദ്രസ മീലാദ് ഫെസ്റ്റിൽ വിജയിച്ച ടീമിനുള്ള ട്രോഫി മുഹിമ്മാത്ത് ജനറൽ മാനേജർ ഉമർ സഖാഫി നൽകുന്നു

ബി.ടെക് പ്രവേശനം: അപേക്ഷ ക്ഷണിച്ചു

കാസർകോട്: തൃക്കരിപ്പൂർ എഞ്ചിനീയറിങ് കോളേജിൽ ബി.ടെക് മാനേജ്മന്റ് ക്വാട്ടയിൽ സഹകരണവകുപ്പ് ജീവനക്കാരുടെ മക്കൾക്കും സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള സംഘം ജീവനക്കാർ, ഭരണസമിതി അംഗങ്ങളുടെ മക്കൾ എന്നിവർക്കുമായി സംവരണം ചെയ്ത സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കീം 2020 എഞ്ചിനീയറിങ് യോഗ്യത നേടിയവർക്ക് ബി.ടെക് കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിങ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിങ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിങ് ശാഖകളിലെ മാനേജ്മെന്റ് ക്വാട്ട സംവരണം ചെയ്ത ഓരോ സീറ്റുകളിലേക്ക് നവംബർ 13 ന് വൈകീട്ട് അഞ്ച്വരെ കോളേജിൽ നേരിട്ട് അപേക്ഷിക്കാം. തെരെഞ്ഞെടുക്കപെടുന്നവർക്ക് സഹകരണവകുപ്പ് നൽകുന്ന സ്കോളർഷിപ് പഠനകാലയളവിൽ ലഭിക്കും. വിശദവിവരങ്ങൾ 04672 250377, 9847690280 , 9947106007 എന്നീ നമ്പരുകളിൽ നിന്നു ലഭിക്കും.

റാങ്ക് പട്ടിക റദ്ദാക്കി

കാസർകോട്: മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് -രണ്ട് (എൻ സി എ -എൽ സി / എ ഐ) കാറ്റഗറി നമ്പർ 113/ 2013 തസ്തികയുടെ തെരഞ്ഞെടുപ്പിനായി 2015 ഒക്ടോബർ 28 ന് നിലവിൽ വന്ന 493/ 15/ ഒ എൽ ഇ നമ്പർ റാങ്ക് പട്ടിക നിയമന ശുപാർശ ലഭിച്ച ഉദ്യോഗാർഥി 2015 ഡിസംബർ 28 ന് ജോലിയിൽ പ്രവേശിച്ചതിനെ തുടർന്ന് റദ്ദാക്കി.

മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് -രണ്ട് (എൻ സി എ -എസ് സി) കാറ്റഗറി നമ്പർ 521/11, 173/ 12 തസ്തികയുടെ തെരഞ്ഞെടുപ്പിനായി 2016 മെയ് 23 ന് നിലവിൽ വന്ന 268 / 16/ ഡി ഒ ബി നമ്പർ റാങ്ക് പട്ടിക നിയമന ശുപാർശ ലഭിച്ച ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ചതിനെ തുടർന്ന് റദ്ദാക്കി.

മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് -രണ്ട് (എൻ സി എ -എസ് ടി) കാറ്റഗറി നമ്പർ 522/11 തസ്തികയുടെ തെരഞ്ഞെടുപ്പിനായി 2016 മെയ് 23 ന് നിലവിൽ വന്ന 269/ 16/ ഡി ഒ ബി നമ്പർ റാങ്ക് പട്ടിക നിയമന ശുപാർശ ലഭിച്ച ഉദ്യോഗാർഥി ജോലിയിൽ പ്രവേശിച്ചതിനെ തുടർന്ന് റദ്ദാക്കി.

വിജയികളെ പ്രഖ്യാപിച്ചു

കാസർകോട്: മലയാള ദിനം ഭരണഭാഷാ വാരാഘോഷത്തിന്റെ ഭാഗമായി ജില്ലാ ഇൻഫർമേഷൻ ഓഫീസ് ജില്ലയിലെ ഹയർസെക്കൻഡറി കോളേജ് വിദ്യാർഥികൾക്കായി സംഘടിപ്പിച്ച ഒൺലൈൻ പ്രബന്ധ മത്സര വിജയികളെ പ്രഖ്യാപിച്ചു. മത്സരത്തിൽ ദിവ്യശ്രീ മായിപ്പാടി ഒന്നാം സ്ഥാനവും ഷാരോൺ ജോസഫ് രാം സ്ഥാനവും നേടി. വിജയികൾക്ക് ക്യാഷ് അവാർഡും സാക്ഷ്യപത്രവും സമ്മാനിക്കും.

വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് കെ. പി. എസ്. ടി. എ .ഉപ ജില്ലാ കമ്മിറ്റി നടത്തിയ എ.ഇ.ഒ.ഓഫീസ് ധർണ്ണ ജില്ലാ സെക്രട്ടറി ജി.കെ.ഗിരീഷ് ഉദ്ഘാടനം ചെയ്യുന്നു

കോവിഡ്;നഗരത്തിൽ പരിശോധന ശക്തമാക്കി

കാസർകോട്:കോവിഡ് മാനദണ്ഡങ്ങൾ പാലിക്കാത്തവർക്കെതിരെ കാസർകോട് നഗരസഭാ പരിധിയിൽ നടപടികൾ കർശനമാക്കി. ഇന്നലെ നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ സെക്ടറിൽ മജിസ്ട്രേറ്റുമാർ നടത്തിയ പരിശോധനയിൽ 46 കേസുകൾ രജിസ്റ്റർ ചെയ്തു. ഇവരിൽ നിന്നു 9200 രൂപ പിഴ ഈടാക്കി. വരും ദിവസങ്ങളിൽ പരിശോധ ശക്തമായി തുടരും.

ട്രസ്റ്റി ബോർഡ് ചെയർമാനെ തെരഞ്ഞെടുത്തു

നീലേശ്വരം: പള്ളിക്കര ഭഗവതി ക്ഷേത്രം ട്രസ്റ്റി ബോർഡ് ചെയർമാനായി പി രമേശനെ തെരഞ്ഞെടുത്തു. എം കുഞ്ഞിക്കണ്ണൻ നായർ, പി രമേശൻ, പി സുഭാഷ് എന്നിവരാണ് പാരമ്പര്യേതര ട്രസ്റ്റിമാർ). മേലത്ത് രഘുനാഥൻ, പി കെ ചന്ദ്രമോഹൻ എന്നിവർ (പാരമ്പര്യ ട്രസ്റ്റിമാരാണ്).

ഹജ്ജ് എംബാർക്കേഷൻ: കരിപ്പൂരിനെ ഒഴിവാക്കിയ നടപടി പുനഃപരിശോധിക്കണം: എസ്.വൈ.എസ്

കോഴിക്കോട്: 2021ലെ ഹജ്ജ് തീർത്ഥാടനത്തിനുള്ള എംബാർക്കേഷൻ പോയിന്റിൽ നിന്ന് കോഴിക്കോട് വിമാനത്താവളത്തെ ഒഴിവാക്കിയ നടപടി പുനഃപരിശോധിക്കണമെന്ന് എസ്.വൈ.എസ് സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. കേരളത്തിൽ എല്ലാ വർഷവും കൂടുതൽ ഹജ്ജ് തീർത്ഥാടകരുണ്ടാവാറുള്ളത് മലബാറിൽ നിന്നാണ്. മാത്രമല്ല വിശാലമായ ഹജ്ജ് ഹൗസടക്കം തീർത്ഥാടകർക്കാവശ്യമായ എല്ലാ സൗകര്യങ്ങളും കോഴിക്കോട് വിമാനത്താവളത്തിലുണ്ട്. ഈ ഒരു പശ്ചാത്തലത്തിൽ കാര്യമായ കൂടിയാലോചനകളില്ലാതെ എംബാർക്കേഷൻ പോയിന്റിൽ നിന്ന് കോഴിക്കോട് വിമാനത്താവളത്തെ ഒഴിവാക്കിയത് ദുരൂഹമായ നടപടിയാണ്. കഴിഞ്ഞ ആഗസ്ത് മാസത്തിലുണ്ടായ വിമാനാപകടത്തിന്റെ മറവിൽ കോഴിക്കോട് വിമാനത്താവളത്തെ ഇല്ലാതാക്കാൻ വേണ്ടി നടക്കുന്ന പ്രവർത്തനങ്ങളുടെ തുടർച്ചയാണ് ഈ നീക്കവും എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കോഴിക്കോട് വിമാനത്താവളത്തിനെതിരെ നടക്കുന്ന ഗൂഢാലോചന വ്യക്തമാക്കി എസ്.വൈ.എസ് ഏതാനും മാസങ്ങളായി നടത്തിവരുന്ന പ്രക്ഷോഭങ്ങളിൽ ഉന്നയിച്ച കാര്യങ്ങളോട് പ്രതികരിക്കാത്ത അധികൃതർ പുതിയ സാങ്കേതികത്വങ്ങൾ കൂടി ഉന്നയിച്ചിരിക്കുന്നത് പരിഹാസ്യമാണ്. അതിനാൽ കോഴിക്കോട് എയർപോർട്ടിൽ നിന്ന് തീർത്ഥാടകർക്ക് യാത്രാസൗകര്യം ഏർപ്പെടുത്താൻ സർക്കാർ തയ്യാറാകണം എന്നും ജനപ്രതിനിധികൾ ഈ വിഷയത്തിൽ ആവശ്യമായ ഇടപെടൽ നടത്തണമെന്നും സംഘടന ആവശ്യപ്പെട്ടു. സംസ്ഥാന പ്രസിഡണ്ട് സയ്യിദ് ത്വാഹാ തങ്ങൾ സഖാഫി ആധ്യക്ഷം വഹിച്ചു. സയ്യിദ് മുഹമ്മദ് തുറാബ് തങ്ങൾ, മജീദ് കക്കാട്, സുലൈമാൻ സഖാഫി മാളിയേക്കൽ, ഡോ.മുഹമ്മദ് കുഞ്ഞു സഖാഫി കൊല്ലം, മുഹമ്മദ് പറവൂർ സംബന്ധിച്ചു.

കണ്ണൻ പാട്ടാളി കഥകളി ട്രസ്റ്റ് വെബ്നാർ നടത്തി

പാലക്കുന്ന്: നാട്യരത്നം വി പി കണ്ണൻ പാട്ടാളി കഥകളി ട്രസ്റ്റ് വടക്കേമലബാറിലെ പണിക്കർ ത്രയം എന്ന വിഷയത്തിൽ വെബ്നാർ നടത്തി. പത്മഭൂഷൺ വി പി ധനഞ്ജയൻ ഉദ്ഘാടനം ചെയ്തു. സദനം ബാലകൃഷ്ണൻ, ഡോ. ടി വി ദീപ, ടി ടി കൃഷ്ണൻ, ഡോ. വിജയരാജൻ, ഡോ.സുമിത്ര നായർ, സതീശൻ നമ്പ്യാർ, ഡോ. പവിത്രൻ, ഡോ. വിബാലകൃഷ്ണൻ, കോട്ടക്കൽ ഉണ്ണികൃഷ്ണൻ, മുരളി സംസാരിച്ചു.

മുളിയാർ പഞ്ചായത്ത് അംഗം അനീസയെ കുടുംബശ്രീ എഡിഎസ് ആദരിച്ചപ്പോൾ

കല്യോട്ട് സ്കൂളിൽ ഓൺലൈൻ കലോത്സവം

പെരിയ: കല്യോട്ട് ഗവ. ഹയർസെക്കന്ററി സ്കൂളിലെ ഓൺലൈൻ കലോത്സവം 16 മുതൽ 23 വരെ നടക്കും. കലോത്സവ മാന്വൽ അനുസരിച്ചായിരിക്കും മത്സരം. എൽ പി, യു പി, ഹൈസ്കൂൾ തലങ്ങളിൽ സിംഗിൾ ഇനങ്ങളിൽ മാത്രമായിക്കും മത്സരം ഉണ്ടാവുക. 16ന് വൈകുന്നേരം ഏഴിന് ഗൂഗിൾ മീറ്റിലൂടെ പി ടി എ പ്രസിഡന്റ് ബേബികുര്യന്റെ അധ്യക്ഷതയിൽ ശ്രീകാന്ത് കല്യോട്ട് ഉദ്ഘാടനം ചെയ്യും. പ്രോഗ്രാം കൺവീനർ എ രാധിക, പ്രിൻസിപ്പാൾ കെ എസ് രാജശ്രീ ഹെഡ്മാസ്റ്റർ, ബാലചന്ദ്രൻ നായർ പി, മദർ പി ടി എ പ്രസിഡന്റ് സ്മിത പിഎം, ടോംസൺ ജോസഫ്, മേരിക്കുട്ടി പി ജെ, കെ പി ഷീബ, ബിജു വി സംസാരിക്കും.

ഓൺലൈൻ പഠനസൗകര്യം; ബേക്കൽ പൊലീസ് മാതൃകയായി

ബേക്കൽ: ഓൺലൈൻ പഠന സൗകര്യമൊരുക്കി ബേക്കൽ ജനമൈത്രി പൊലീസ് മാതൃകയായി. പുല്ലൂർ -പെരിയ പഞ്ചായത്ത് ഒന്നാം വാർഡിലെ വിന്യ എന്ന കുട്ടിക്ക് ഓൺലൈൻ പഠന സൗകര്യമൊരുക്കിയാണ് ഇവർ മാതൃകയായത്.

പ്രിൻസിപ്പൽ എസ് ഐ കെ അജിത്ത് കുമാർ, കുട്ടിക്കു മൊബൈൽ ഫോൺ കൈമാറി. ജനമൈത്രി ബീറ്റ് ഓഫീസർമാരായ രാജേഷ്, പ്രശാന്ത് സംബന്ധിച്ചു.

ഉദുമയിൽ 13 വാർഡുകളിൽ കോൺഗ്രസ്; എട്ടിടത്ത് ലീഗ്

ഉദുമ: ഉദുമ പഞ്ചായത്തിൽ യു ഡി എഫിലെ സീറ്റ് വിഭജനം പൂർത്തിയായി. ആകെയുള്ള 21 വാർഡുകളിൽ 13 ഇടത്ത് കോൺഗ്രസും എട്ടു വാർഡുകളിൽ മുസ്ലീം ലീഗും മത്സരിക്കും.

അങ്കക്കളരി, പാലക്കുന്ന്, കരിപ്പോടി, തിരുവക്കോളി, പാക്യാര, നാലാംവാതുക്കൽ, വെടിക്കുന്ന്, മാങ്ങാട് വാർഡുകളിലാണ് മുസ്ലീംലീഗ് മത്സരിക്കുക. 13 വാർഡുകളിൽ മത്സരിക്കുന്ന കോൺഗ്രസ്തങ്ങളുടെ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ച പ്രചരണവും ആരംഭിച്ചു കഴിഞ്ഞു. ബേവൂരിലെ പട്ടികജാതി സംവരണ വാർഡുകളിൽ ചന്ദ്രൻ നാലാംവാതുക്കൽ ഉദുമ(വാസു മാങ്ങാട്), എരോൽ (കെ വി ചന്ദ്രിക), ബേക്കൽ (അജിത ആർ സോമൻ) പള്ളം തെക്കേക്കര(ബിന്ദു സുധൻ), അംബികാനഗർ (കെ ആർ. ശകുന്തള) എന്നിവരാണ് കോൺഗ്രസ് സ്ഥാനാർത്ഥികൾ.

സൗമിനി നാരായണൻ പുരസ്ക്കാരം സമ്മാനിച്ചു

നീലേശ്വരം: സംസ്ക്കാര സാഹിതി ജില്ലാ കമ്മറ്റി ഡി സി സി മുൻ ജനറൾ സെക്രട്ടറി ആയിരുന്ന സൗമിനി നാരായണന്റെ പേരിൽ ജില്ലാതലത്തിൽ മികച്ച പൊതു പ്രവർത്തകയ്ക്ക് ഏർപ്പെടുത്തിയ പുരസ്ക്കാരം സമ്മാനിച്ചു.

പുരസ്ക്കാര ജേതാവായ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശാന്തമ്മ ഫിലിപ്പിന് ഡി സി സി പ്രസിഡന്റ് ഹക്കീം കുന്നിൽ പുരസ്ക്കാരം നൽകി. കെ വി രാഘവൻ ആധ്യക്ഷം വഹിച്ചു. നീലേശ്വരം ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് മഡിയൻ ഉണ്ണികൃഷ്ണനെ ചടങ്ങിൽ അനുമോദിച്ചു.